**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3404** **14-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷി ഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ സ്മാർട്ട് കൃഷി ഭവനായി തെരഞ്ഞെടുത്ത കൃഷി ഭവൻ ഏതാണെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും കുന്നത്തുനാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളത്. കൃഷിഭവനുകളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ സർക്കാർതലത്തിൽ പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത കൃഷി ഭവനിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുമാണ് സജ്ജമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനുകളെ മികച്ചതാക്കുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ അന്തിമ രൂപം സർക്കാർ തലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ